# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:646 29.06.2015-ൽ മറുപടിയ്ക്ക്

## പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വായ്പാ കുടിശ്ശിക

ചോദ്യം
ശ്രീ.പി.കെ.ബഷീർ

മറുപടി
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിലുള്ള വായ്പാ കുടിശ്ശിക എഴുതിത്തള്ളാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | എ) | പട്ടികജാതിക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ വായ്പ കുടിശ്ശിക എഴുതിത്തള്ളാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി പട്ടികവർഗ്ഗക്കാരുടെ ഒരു ലക്ഷം രൂപ വരെയുള്ള കടബാധ്യത ഒഴിവാക്കി നൽകുന്നതിനുള്ള പദ്ധതി സർക്കാർ പരിശോധിച്ച് വരുന്നു. |
| ബി) | എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | വായ്പ കുടിശ്ശിക മൂലം പ്രയാസം നേരിടുന്ന പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, ഖാദി ഗ്രാമവ്യവസായ ബോർഡ്, വ്യവസായ വാണിജ്യ വകുപ്പ് എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ള 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 50,000/-രൂപ വരെ എഴുതിത്തള്ളി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>കൂടാതെ പട്ടികജാതി വിഭാഗക്കാർ സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006-ൽ |

| | | | |
|---|---|---|---|
| | | | തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വാഹന വായ്പ പദ്ധതി, അംബേദ്കർ ഭവന നിർമ്മാണ പദ്ധതി (ARHS) ഇൻകം ജനറേഷൻ ലിങ്ക്ഡ് അംബേദ്കർ ഭവന നിർമ്മാണ പദ്ധതി (IGLHS) പുതിയ അംബേദ്കർ ഭവന നിർമ്മാണ പദ്ധതി (NARHS) എന്നിവ പ്രകാരം കുടിശ്ശികയായ മുതലും പലിശയും ഉൾപ്പെടെ 1233.66 ലക്ഷം രൂപ (മുതൽ 547.16 ലക്ഷം രൂപ, പലിശ 686.50 ലക്ഷം രൂപ) എഴുതി തള്ളി സ.ഉ(കൈ)നം.74/14/ പജപവവിവ പ്രകാരം ഉത്തരവാകുകയും, ടി തുക കോർപ്പറേഷന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.<br>ഇതിനു പുറമെ 30.03.2015-ലെ സ.ഉ(അ)നം.24/2015/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം മിഷൻ 676-ന്റെ ഭാഗമായി സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 1,00,000/-രൂപ എഴുതിതള്ളുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1,000/-ലക്ഷം രൂപ ടി പദ്ധതിയുടെ നോഡൽ ഏജൻസിയായ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ TPA 129-ാം നമ്പർ |

| | | | |
|---|---|---|---|
| | | | അക്കൗണ്ടിൽ (സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം) നിക്ഷേപിച്ചിട്ടുണ്ട്. |
| സി) | മലപ്പുറം ജില്ലയിൽ വായ്പാ കടിശ്ശിക എഴുതിത്തള്ളാൻ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകളിൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ? | സി) | പട്ടികജാതിക്കാരുടെ വായ്പ കടിശ്ശിക എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് 8 അപേക്ഷകൾ ലഭിക്കുകയും ആയത് ബന്ധപ്പെട്ട ബാങ്കിലേക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിനായി അയച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗക്കാരുടെ 124 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 1 ലക്ഷം രൂപ വരെയുള്ള വായ്പ തുകകൾ എഴുതി തള്ളുന്നതിനായി 103 പേർ അപേക്ഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ